# ഭൂമി എല്ലാവർക്കും

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം

23.10.2008

ഇടതുപക്ഷ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പ് വേളയിൽ നൽകിയ വാഗ്ദാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് എല്ലാ കുടുംബത്തിനും ഭൂമി, എല്ലാ കുടുംബത്തിനും വീട് എന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നടത്തിയ ലക്ഷ്യപ്രഖ്യാപനത്തിലും ഏറ്റവും പ്രധാനപ്പെട്ടതാണ്. നിലവിൽ കൈവശമുള്ള മിച്ച ഭൂമിയും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തതും ഉപയോഗപ്പെടുത്തി ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുക, വിവിധ വകുപ്പുകൾ നടപ്പാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതികളെല്ലാം കൂട്ടിയോജിപ്പിച്ച് ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുക - ഇതാണ് പ്രഖ്യാപിത ലക്ഷ്യം. 1996-2001 കാലത്ത് ജനകീയാസൂത്രണ പദ്ധതിയിലൂടെയും മൈത്രീ ഭവന പദ്ധതിയിലൂടെയും പതിനായിരക്കണക്കിന് ഭവനരഹിതർക്ക് വീട് യാഥാർത്ഥ്യമാക്കിയ അനുഭവം നമ്മുടെ മുന്നിലുണ്ട്. അതിന്റെ തുടർച്ചയായാണ് ഇത്തവണ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്ക്കരിച്ചത്. അതോടൊപ്പം എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയെന്ന ബൃഹത്തായ മറ്റൊരു പദ്ധതിയും ആവിഷ്ക്കരിച്ചു. പട്ടികവർഗക്കാർക്ക് ഒരു ലക്ഷം രൂപയും പട്ടികജാതിക്കാർക്ക് മുക്കാൽ ലക്ഷം രൂപയും ഭവനനിർമ്മാണ സഹായം നൽകാൻ തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ഗുണഭോക്താക്കളുടെ ചെറിയൊരു വിഹിതം കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് തൃശൂർ ജില്ലയിലെ കൊടകര മണ്ഡലത്തിൽ വെച്ച് അതിന്റെ ഉദ്ഘാടനം നടന്നു. ഈ ഗവൺമെന്റിന്റെ കാലാവധിക്കകംതന്നെ ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിനുള്ള ആ പദ്ധതി സത്വരം പുരോഗമിക്കുകയാണ്.

നാല് ലക്ഷത്തിൽപരം കുടുംബങ്ങൾക്കാണ് വീടില്ലാത്തതെങ്കിൽ അതിൽ വലിയൊരു വിഭാഗത്തിന് ഒരു തുണ്ട് ഭൂമിപോലുമില്ലെന്ന പ്രശ്നവുമുണ്ട്. ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഒരു തുണ്ട് ഭൂമിയെങ്കിലും ലഭ്യമാക്കേണ്ടതുണ്ട്. ഭൂമി വിതരണം ചെയ്യുന്ന പദ്ധതി രണ്ടാം വാർഷിക വേളയിൽ ഉദ്ഘാടനം ചെയ്യാനിരുന്നതാണ്. എന്നാൽ

സാങ്കേതിക കാരണങ്ങളാൽ അല്പം വൈകി. ഇക്കഴിഞ്ഞ ഒക്ടോബർ അഞ്ചിന് കണ്ണൂരിൽവെച്ച് ഭൂവിതരണ പദ്ധതിയുടെ ഉദ്ഘാടനം ഞാൻ നിർവഹിച്ചു.

1559 ഭൂരഹിത കുടുംബങ്ങൾക്ക് പത്ത് സെന്റ് വീതം ഭൂമിയും 251 പട്ടിക വർഗകുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമിയും 456 കുടുംബങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയവും കണ്ണൂരിലെ ഭൂവിതരണ വേളയിൽ വിതരണം ചെയ്യുകയുണ്ടായി. കണ്ണൂരിൽ നടന്നതുപോലെ എല്ലാ ജില്ലയിലും ഭൂവിതരണമേള നടന്നുവരികയാണ്. അതിലെല്ലാമായി ആയിരക്കണക്കിന് ഭൂരഹിതർക്ക് ഭൂമി ലഭ്യമാകും. ഈ ആദ്യഘട്ടം ഭൂവിതരണമേള നവംബർ രണ്ടിന് പൂർത്തിയാകും. കണ്ണൂരിൽ ഭൂവിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കഴിഞ്ഞ് നാല് ദിവസത്തിനുശേഷമാണ് മൂന്നാറിൽ മന്ത്രിസഭാ ഉപസമിതി അംഗങ്ങൾക്കൊപ്പം ഞാൻ ഒരു പ്രഖ്യാപനം നടത്തിയത്. അന്യാധീനപ്പെട്ട സർക്കാർ ഭൂമി വീണ്ടെടുക്കുന്ന പ്രവർത്തനത്തിൽ മുഴുകിയിരിക്കുന്ന ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം ഞങ്ങൾ ഒരു തീരുമാനത്തിലെത്തി. മൂന്നാർ മേഖലയിൽ കഴിഞ്ഞ ഒന്നരക്കൊല്ലത്തിനിടയിൽ വീണ്ടെടുത്ത പതിനാലായിരത്തോളം ഏക്കർ ഭൂമിയിൽ ഇപ്പോൾ 1662 ഏക്കർ ഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകാം. ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും മറ്റ് പാവപ്പെട്ട ഭൂരഹിതരായ ആയിരക്കണക്കിന് കുടുംബങ്ങൾക്കും ഭൂമി നൽകും. മൂന്നാർ മേഖലയിലെ ആയിരക്കണക്കിനുള്ള ഭൂരഹിതർക്ക് മൂന്നു മാസത്തിനകം ഭൂമി ലഭ്യമാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ ഭൂമി പതിച്ചുകിട്ടാൻ അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കും. വിതരണം ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാൻ പാടില്ലെന്നും അവിടെ വാണിജ്യാടിസ്ഥാനത്തിലുള്ള വൻകിട കെട്ടിടം നിർമ്മിക്കരുതെന്നുമുള്ള വ്യവസ്ഥ വെച്ചാണ് ഭൂമി നൽകുക. അതിനായി നിയമം കൊണ്ടുവരും. അങ്ങനെ വ്യവസ്ഥവെച്ചില്ലെങ്കിൽ റിയൽ എസ്റ്റേറ്റുകാർ പ്രലോഭിപ്പിച്ച് തുണ്ടുഭൂമികൾ വാങ്ങിക്കൂട്ടും.

മൂന്നാറിൽ വീണ്ടെടുത്ത സ്ഥലത്തിൽ തൽക്കാലം 1662 ഏക്കറാണ് വിതരണം ചെയ്യുന്നത്. ഭാവിയിൽ വീണ്ടെടുക്കുന്ന ഭൂമിയിലും പറ്റാവുന്നത്ര വിതരണം ചെയ്യും. ടൂറിസം വികസനത്തിനായി 304 ഏക്കർ ഭൂമി വിട്ടുകൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. കുടിയൊഴിപ്പിക്കാനല്ല, പാവപ്പെട്ട ഭൂരഹിതരെ കുടിയിരുത്താനാണ് ഐതിഹാസികമായ മൂന്നാർ യത്നം എന്ന് അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കാൻ തുടങ്ങിയ ഘട്ടത്തിൽത്തന്നെ വ്യക്തമാക്കിയതാണ്. എന്നാൽ കയ്യേറ്റമൊഴിപ്പിക്കൽ യത്നത്തെ പരാജയപ്പെടുത്താൻ സ്ഥാപിതതാല്പര്യക്കാർ നട്ടാൽ മുളക്കാത്ത നുണകൾ പ്രചരിപ്പിച്ചു. മൂന്നാറിൽ പാവപ്പെട്ട അഞ്ച് സെന്റുകാരെയും പത്ത് സെന്റുകാരെയും ഒഴിപ്പിക്കാൻ ശ്രമിച്ചു, ഒഴിപ്പിച്ചു എന്നെല്ലാമുള്ള നുണ

കൾ. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കയ്യേറ്റക്കാരെ രക്ഷിക്കാനാണ് അത്തരം കള്ളപ്രചാരണങ്ങൾ ലക്ഷ്യമാക്കിയത്; എന്നാൽ ഒക്ടോബർ ഒമ്പതിന്റെ പ്രഖ്യാപനത്തോടെ കള്ള പ്രചാരവേല പൂർണ്ണമായും പൊളിഞ്ഞു.

ഒരു കാര്യം വ്യക്തമാണ്. ഈ സർക്കാരിന്റെ കാലാവധിക്കകം സംസ്ഥാനത്തെ അർഹതപ്പെട്ട മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഒരു തുണ്ട് ഭൂമിയെങ്കിലുമുണ്ടാകും. ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭവനമുണ്ടാകും. അതോടൊപ്പം അർഹതപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകേണ്ട ബാധ്യത പൂർണ്ണമായും പാലിക്കും. ഇതിനകം തന്നെ രണ്ടായിരത്തഞ്ഞൂറോളം ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകിക്കഴിഞ്ഞു.

മൂന്നാറിലുൾപ്പെടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുകയും പാവപ്പെട്ട ഭൂരഹിതർക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന നടപടിയെ എതിർക്കുകയും പരിഹസിക്കുകയുമാണ് പ്രതിപക്ഷം. അതിൽ അത്ഭുതമില്ല. കാരണം പാവപ്പെട്ടവർക്ക് ലഭിക്കേണ്ട പതിനായിരക്കണക്കിനേക്കർ മിച്ചഭൂമി മുൻ യു.ഡി.എഫ്. ഭരണകാലങ്ങളിലാണ് തിരിമറിയിലൂടെ നഷ്ടപ്പെടുത്തിയത്. മൂന്നാറിൽത്തന്നെ അമ്പതിനായിരത്തിൽപ്പരം ഏക്കർ സർക്കാർ ഭൂമി ടാറ്റ അനധികൃതമായി കൈവശം വെക്കുകയാണെന്ന് യു.ഡി.എഫ്. ഭരണകാലത്താണ് നിയമസഭാ കമ്മിറ്റി റിപ്പോർട്ട് ചെയ്തത്. അത് തിരിച്ചു പിടിക്കാൻ യു.ഡി.എഫ്. സർക്കാർ ഒന്നും ചെയ്തില്ല. ഇപ്പോൾ, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുമ്പോൾ എതിർക്കുകയും പരിഹസിക്കുകയും ചെയ്യുമ്പോൾ പ്രതിപക്ഷത്തിന് അലോസരമുണ്ടാകുക സ്വാഭാവികമാണ്.

അല്ലെങ്കിൽത്തന്നെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കെതിരെ പരസ്യമായിത്തന്നെ നിലപാടെടുക്കാൻ ഒരു മടിയുമില്ലെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണല്ലോ പ്രതിപക്ഷം. സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകേണ്ട റേഷനരിവിഹിതം നിഷേധിക്കുകയും വൈദ്യുതി വിഹിതം ഗണ്യമായി വെട്ടിക്കുറക്കുകയും വേനൽമഴക്കെടുതിക്കിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പണം അനുവദിക്കാതിരിക്കുകയും ചെയ്ത കേന്ദ്രസർക്കാർ നടപടിക്കെതിരെ ഒരക്ഷരം ഉരിയാടാൻ തയ്യാറല്ലല്ലോ യു.ഡി.എഫ്. നേതൃത്വം. കേന്ദ്രത്തിന്റെ ക്രൂരമായ അവഗണനക്കെതിരെ ദില്ലിയിൽ നടത്തിയ സത്യാഗ്രഹത്തെ അപഹസിക്കുകയാണവർ ചെയ്തത്. മാത്രവുമല്ല കേരളത്തെ അവഗണിക്കുന്ന കേന്ദ്രനയത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സെക്രട്ടറിയറ്റ് പടിക്കൽ സമരാഭാസം നടത്താനും അവർക്ക് മടിയുണ്ടായില്ല. പ്രതിപക്ഷത്തിന്റെ നിരുത്തരവാദപരവും നിഷേധാത്മവകുമായ ഈ സമീപനങ്ങൾ ഒരു വെല്ലുവിളിയായി സംസ്ഥാനത്തെ ജനങ്ങൾ കാണുമെന്നതിൽ സംശയമില്ല.